ശ്രീ. സി. വി. ഇയ്യു: കൊച്ചിൻ ഡിവിഷനിൽനിന്നും തിരുവിതാംകൂറിൽനിന്നും കൊല്ലത്തിൽ ബസ്സ് ഒന്നാക്ക് ൧,൨ ൦ ൦ രൂപാവീതം ആദായ നികുതി പിരിച്ചുവരുന്നതായി ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: ഗവണ്മെൻറിനു് അറിവില്ല.

വേനൽനിമിത്തം മകരകൃഷി നഷ്ടം

*൩൨൩. (൨ ൦) ശ്രീ. റ൦ി. റ൦ി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വേനലിൻെറ കാഠിന്യംനിമിത്തം മകര വിളവുകൾ കരിഞ്ഞു നഷ്ടപ്പെട്ടതായി പരാതികൾ ഗവണ്മെൻറിനു കിട്ടാനിടയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതി ഹർജികളും അറിയിപ്പുകളും ഏതെല്ലാം സ്ഥലങ്ങളിൽനിന്നും ലഭിച്ചു;

(സി) ഇതിൽ ഏതെങ്കിലും എതെങ്കിലും വിധത്തിൽ വല്ല സഹായത്തിനും അപേക്ഷിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: (എ) ഉണ്ടു്.

(ബി) അവയുടെ പട്ടിക മേശപ്പുറത്തു വയ്ക്കുന്നുണ്ടു്.

(സി) കൃഷിക്കാർ ആവശ്യപ്പെട്ടതനുസരിച്ചു് വെള്ളം പമ്പുചെയ്തു കൊടുത്തിട്ടുണ്ടു്.

ശ്രീ. റ൦ി. റ൦ി. കേശവൻശാസ്ത്രി: തിരുവല്ലാ താലൂക്കിൽ കോയിപ്രംപകുതിയിൽ ഉണ്ടായ വിളവു കരിവു് ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അങ്ങനെ ഒരു ഹർജി വന്നിട്ടുണ്ടു്.

ശ്രീ. റ൦ി. റ൦ി. കേശവൻശാസ്ത്രി: തോട്ടപ്പള്ളി പേരിയിൽ ഉണ്ടായ വിളവു കരിവിനെപ്പറ്റി ഗവണ്മെൻറിനു പരാതി വല്ലതും കിട്ടിയിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അങ്ങനെ കിട്ടിയിട്ടുള്ളതായി അറിവില്ല.

ശ്രീ. റ൦ി. റ൦ി. കേശവൻശാസ്ത്രി: വിളവു നശിച്ച സ്ഥലങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി പോയി അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ .ഇ ജാൺ ഫിലിപ്പോസു്: അതിനു മുമ്പേതലപ്പെട്ട ഉദ്യോഗസ്ഥന്മാർ പോയി അന്വേഷിച്ചിട്ടുണ്ടു്.

പട്ടിക

തിരുവനന്തപുരം ഡിവിഷൻ

കിളിമാന്നൂർ, ആറ്റിങ്ങൽ, കൊട്ടിയോടു്, വാമനപുരം, കിഴക്കേപ്പട്ടം, മേക്കെപ്പട്ടം, ശാസ്തമംഗലം, കണ്ടക്കടവു്, ആയ്നാട്ട, പൂവാർ, തിരുപ്പുറം, (നെയ്യാറിൻകര) വഴുവന്നൂർ, വിളവൻകോടു്, കൽക്കുളം, തിരുപാങ്കോടു്, പൊന്മന, തിപ്പലിക്കോണം, മരുതൂർ-കോണം.

തിരുവല്ല

കടപ്പുറപകുതി, വളത്തവട്ടം, പാണ്ടനാടു്, കോയിപ്പുറം, ആറന്മുള.

മൂവാറ്റുപുഴ ഡിവിഷൻ

ആയ്പുരം, കിഴക്കമ്പലം, നേരിയമംഗലം, കോതമംഗലം, മന്നാംകണ്ടം, രാജമംഗലം.

CITY SERVICE BUSES

*617 [21] **Sri. K. Ramachandran:** Will the Hon'ble Minister for Transport be pleased to state.—

(*a*) whether Government are aware that there is always a congestion in City Service buses especially just before and after office hours ?

Sri. E. John Philipose:

(*a*) Yes. There is congestion in City Service buses particularly during rush hours. Attempts are being made to relieve congestion but it may not be possible to completely relieve congestion until after a month is over.

Sri. K. Ramachandran: Are Government aware that ticketless travelling and pick-pocketing are on the increase ?

Sri. E. John Philipose: There are cases of pick pocketing. Government have taken special measures to keep watch over bus-terminals and stations.

LIBRARY ARCHIVES Kerala Legislative Assembly